പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.897

29.09.2016-ൽ മറുപടിക്ക്

## കോഴിക്കോട് ജില്ലയിലെ നിലം നികത്തലിനെതിരെ നടപടി

ചോദ്യം

ശ്രീ.എ. പ്രദീപ്കുമാർ

ഉത്തരം

ശ്രീ. ഇ. ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് ജില്ലയിൽ നെൽ വയലുകളും, തണ്ണീർതടങ്ങളും മണ്ണിട്ടു നികത്തുന്നതിനെതിരായി ഏതെല്ലാം എം.എൽ.എ മാരിൽ നിന്ന് കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ ജില്ലാകളക്ടർക്ക് പരാതി ലഭിച്ചതെന്ന് വിശദമാക്കുമോ; | (എ) | കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 പ്രകാരം കോഴിക്കോട് താലൂക്ക് കോട്ടൂളി വില്ലേജിൽ റീസർവ്വെ 72/10 എ, 72/1 ബി,72/9 എന്നിവയിൽപ്പെട്ട പീവീസ് പ്രോപ്പർട്ടീസ് ഡെവലപ്പേഴ്സ് ഡയറക്ടർ ശ്രീ. അലി മുബാറക് എന്നിവരുടെ കൈവശത്തിലുള്ള ഭൂമി മണ്ണിട്ട് നികത്തുന്നതിനെതിരെ ബഹു.എം.എൽ.എ ശ്രീ.എ.പ്രദീപ് കുമാറിൽ നിന്നും 23.03.2016-ന് ജില്ലാ കളക്ടർക്ക് പരാതി ലഭിച്ചിട്ടുണ്ട്. ടി പരാതിയിൽ കോഴിക്കോട് തഹസീൽദാർ മുഖാന്തിരം സബ്കളക്ടർ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഓരോ പരാതികളിന്മേലും സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഫയൽ നമ്പർ, തീയതി എന്നിവ സഹിതം വിശദമാക്കുമോ; | (ബി) | പരാതിയിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി കോഴിക്കോട് തഹസീൽദാർക്ക് സബ് കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തഹസിൽദാർ സ്ഥലം പരിശോധിച്ച് ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതല്ലെന്നും എന്നാൽ കണ്ടൽ ചെടി നിറഞ്ഞ ടി ഭൂമി തണ്ണീർത്തടത്തിന്റെ നിർവചനത്തിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 12.08.2016-ന് കോട്ടൂളി വില്ലേജ് ഓഫീസർ സ്ഥലമുടമയ്ക്ക് സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് G1/9575/16-ാം നമ്പർ ഫയലിൽ കോഴിക്കോട് റവന്യൂ ഡിവിഷണൽ ഓഫീസർ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | നെൽവയൽ, തണ്ണീർതട സംരക്ഷണ നിയമപ്രകാരം ബന്ധപ്പെട്ട ജീവനക്കാർ സമയബന്ധിതമായി നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ; | (സി) | സമയബന്ധിതമായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | അപ്രകാരം നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ ജീവനക്കാരിൽ നിന്നും വിശദീകരണം ചോദിക്കുമോ; വിശദമാക്കുമോ? | (ഡി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ